## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1253 — 05.03.2020-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി യു. പ്രതിഭ<br>ശ്രീ.എ. എൻ. ഷംസീർ<br>,, കെ. ദാസൻ<br>,, വി. അബ്ദുറഹിമാൻ : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനത്തിനായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും മുഖേന നടപ്പാക്കുന്ന നൂതന പദ്ധതികൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | 2016-17 മുതൽ വിവിധ പദ്ധതികളിലായി ആകെ 5563 പേർക്ക് ഭവനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുകയും 3936 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭവന രഹിതരായ 4883 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പട്ടിക ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. കൂടാതെ ഭവന രഹിതരായ 7000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന 2020-21 സാമ്പത്തിക വർഷം വീട് നൽകുമെന്ന് 20-21 -ലെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികൾക്കായി 2016-17 മുതൽ നടപ്പാക്കി വരുന്ന ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് 'പുനർഗേഹം' എന്ന പേരിൽ പുനരധിവാസ പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി & ഡി) | ഉണ്ട്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന കുടുംബങ്ങളെ സുരക്ഷിതമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയ്ക്കായി 1398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും, ബാക്കി |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിയ്ക്കാമോ? | | 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള 3 വർഷ കാലയളവിൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന 18685 കുടുംബങ്ങളുടെ പുനരധിവാസത്തിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നു. 2016-17 മുതൽ നടപ്പാക്കി കൊണ്ടിരിക്കുന്ന പുനരധിവാസ പദ്ധതികളുടെ പൂർത്തീകരണത്തിനായുള്ള തുകയും പുനർഗേഹം പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനത്തിനായി ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും മുഖേന നടപ്പാക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

1. കടൽത്തീരത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം. 2019-20 മുതൽ 2021-22 വരെ വിഭാവനം ചെയ്തിട്ടുള്ള പുനർഗേഹം പദ്ധതി ആരംഭിച്ചു. 18685 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നത്.
2. മത്സ്യത്തൊഴിലാളി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി ഫ്ളാറ്റ് നിർമ്മാണം മുട്ടത്തറയിൽ 192 പേർക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകി. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പൊന്നാനി, കണ്ണൂർ ജില്ലകളിൽ ഫ്ളാറ്റ് നിർമ്മാണത്തിനുള്ള നടപടി ആരംഭിച്ചു.
3. കടൽ രക്ഷാപ്രവർത്തനത്തിന് മൂന്ന് മറൈൻ ആംബുലൻസുകൾ - 18.24 കോടി രൂപയാണ് അടങ്കൽ തുക.
4. മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി ലൈഫ് ജാക്കറ്റ്.
5. മത്സ്യത്തൊഴിലാളികൾക്ക് 1500 കിലോമീറ്റർ വരെ സന്ദേശം അയക്കാൻ സാധിക്കുന്ന ഐ.എസ്.ആർ.ഒ വികസിപ്പിച്ച നാവിക് ഉപകരണം.
6. മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ.
7. കടൽ സുരക്ഷ പദ്ധതിയിലുൾപ്പെടുത്തി GPS, VHF, Marine Radio, DAT, Eco-Sounder എന്നിവയുടെ വിതരണം.
8. മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.
9. നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 200 FRP ബോട്ടുകൾ. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 120 FRP ബോട്ടുകളുടെ വിതരണം.
10. ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ പുതിയ ഫിഷറീസ് സ്റ്റേഷനുകൾ
11. കടലിൽ പോകുന്നതും തിരികെ വരുന്നതുമായ മത്സ്യബന്ധന യാനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി സാഗര മൊബൈൽ ആപ്പ് വികസിപ്പിച്ചു.
12. ഹാർബറുകളിൽ നിരീക്ഷണ ക്യാമറകൾ
13. പ്രധാന ഹാർബറുകളിൽ എൽ.ഇ.ഡി Display ബോർഡ്.
14. മത്സ്യത്തിലെ മായം കണ്ടെത്താൻ സി.ഐ.എഫ്.റ്റിയുടെ സഹായത്തോടെ പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യ.
15. കടലിന്റെ അടിത്തട്ട് മുതൽ പ്ലാസ്റ്റിക് മാലിന്യം നീക്കം ചെയ്യുന്നതിന് ശുചിത്വ സാഗരം പദ്ധതി
16. ഗുണമേന്മയുള്ള മത്സ്യം ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനായി ഹാർബറുകളിൽ നിന്ന് നേരിട്ട് മത്സ്യം സംഭരിച്ച് മത്സ്യഫെഡ് മുഖേന വിതരണം ചെയ്യുന്നതിന് അന്തിപ്പച്ച മൊബൈൽ ഫിഷ് യൂണിറ്റുകൾ - തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ 5 യൂണിറ്റുകൾ.
17. പ്രാദേശിക പങ്കാളിത്തം ഉറപ്പാക്കി മത്സ്യവിഭവ സംരക്ഷണത്തിന് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ.
18. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും കടലിന്റെ അടിത്തട്ടിൽ കൃത്രിമമായ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യ ലഭ്യത വർദ്ധിപ്പിക്കുന്നതിന് കൃത്രിമപ്പാര് പദ്ധതി.
19. ഫിഷറീസ് സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുന്ന പദ്ധതി.
20. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ കായിക അഭിരുചി വളർത്തുന്നതിന് കായിക

പ്രോത്സാഹന പദ്ധതികൾ.

21. തീരദേശ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ.

22. കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം ജില്ലകളിൽ 2000 വിദ്യാർത്ഥിനികൾക്ക് സൈക്കിൾ

23. 4000 കുടുംബങ്ങൾക്ക് ഭവന പുനർവൈദ്യുതീകരണത്തിന് 8 കോടി രൂപയുടെ പദ്ധതി.

24. മത്സ്യത്തൊഴിലാളി വനിതകളെ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാക്കി വായ്പാ വിതരണം.

25. മത്സ്യമാർക്കറ്റുകളുടെ നവീകരണം.

26. അക്ഷര സാഗരം പദ്ധതി

27. മത്സ്യത്തൊഴിലാളികൾക്ക് പലിശ രഹിത വായ്പ.

28. തീര സംരക്ഷണ പദ്ധതികൾ

29. സംസ്ഥാനത്തെ മത്സ്യ വിത്തുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള ഫിഷ് ഫാമുകൾ, ഹാച്ചറികൾ എന്നിവ വളരെ കാര്യക്ഷമമായി പുനരുദ്ധരിച്ചു വരുന്നു. തീരദേശ വികസന കോർപ്പറേഷൻ മുഖേന മുഖ്യ ഫാമുകൾ/ഹാച്ചറികളായ ഓടയം, നെയ്യാർ, ആയിരംതെങ്ങ്, പന്നിവേലിച്ചിറ, ഇടകൊച്ചി, പൊയ്യ, ഇരഞ്ഞോളി എന്നിവയുടെ പുനരുദ്ധാരണം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

## II. <u>അനുബന്ധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

### എ. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ.

(1) പൂന്തുറ മുതൽ ശംഖുമുഖം വരെയുള്ള തീരസംരക്ഷണ പ്രവർത്തിക്കായി KIIFB പദ്ധതിയിലുൾപ്പെടുത്തി 150 കോടിയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ആദ്യഘട്ടമെന്ന നിലയിൽ പൂന്തുറയിൽ ജിയോട്യൂബ് ഉപയോഗിച്ചു കൊണ്ടുള്ള ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണത്തിലൂടെ തീരം സംരക്ഷിക്കുന്നതിനായി 17.80 കോടി രൂപയുടെ പദ്ധതിക്ക് കിഫ്ബി ഭരണാനുമതി നൽകിയിട്ടുണ്ട്. ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT) യുടെ സാങ്കേതിക സഹായത്തോടെയാണ് പൂന്തുറയിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ടം പൂന്തുറയിൽ 700 മീറ്റർ നീളത്തിൽ ഓഫ് ഷോർ ബ്രേക്ക് വാട്ടർ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ വിജയകരമായ പൂർത്തീകരണത്തോടുകൂടി പൂന്തുറ മുതൽ ശംഖുമുഖം ബീച്ച് ഉൾപ്പെടെ ഈ രീതിയിൽ സംരക്ഷിക്കുന്ന പദ്ധതിയാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു വരുന്നു.

(2) കിഫ്ബി ധനസഹായത്തോടെ പരപ്പനങ്ങാടിയിൽ ഒരു മത്സ്യബന്ധന തുറമുഖം 112.218 കോടി രൂപ ചെലവിൽ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കരാർ ഉടമ്പടി ഒപ്പുവച്ചു. പ്രവർത്തി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

(3) ആലപ്പുഴ ജില്ലയിൽ ചെത്തിയിൽ ഒരു മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനായി 97.43 കോടി രൂപയുടെ അംഗീകാരം കിഫ്ബിയിൽ നിന്നും ലഭിച്ചു. പ്രവർത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(4) സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള തീരം സംരക്ഷിക്കുന്നതിനായി KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി 82.02 കോടി രൂപയുടെ പദ്ധതിക്ക്

അംഗീകാരം ലഭ്യമായിട്ടുണ്ട്. കൊല്ലം ബീച്ച് മുതൽ താന്നി വരെയുള്ള തീരസംരക്ഷണം, മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായ്, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള തീരം സംരക്ഷിക്കുന്നതിനുള്ള ഗ്രോയ്ൻ നിർമ്മാണം എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(5) തീരദേശത്തെ വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി ധനസഹായത്തോടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന് 294.72 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ 54 സ്കൂളുകളുടെ 60.73 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികൾക്ക് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ട്. ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്

(6) സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ നവീകരിച്ചുകൊണ്ട് ഒരു വിപണന ശൃംഖല രൂപീകരിച്ച് മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുക, മത്സ്യത്തൊഴിലാളികൾക്ക് ഉയർന്ന വില ലഭ്യമാക്കുക, മൂല്യവർദ്ധനവിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിങ്ങനെയുള്ള ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി 65 മാർക്കറ്റുകൾ നവീകരിക്കുന്നതിന് 193.46 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികൾ കിഫ്ബിയുടെ സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(7) സംസ്ഥാനത്ത് മത്സ്യത്തിന്റെ മൂല്യവർദ്ധനവിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ശക്തികുളങ്ങരയിൽ പ്രവർത്തിച്ചുവരുന്ന ഫിഷ് പ്രോസസിംഗ് സെന്റർ വിപുലീകരിക്കുന്നതിന് 207 ലക്ഷം രൂപയുടെ പദ്ധതിയും മറ്റൊരു പ്രോസസിംഗ് സെന്റർ വിഴിഞ്ഞത്ത് ഓഖി പാക്കേജിന്റെ ഭാഗമായി സ്ഥാപിക്കുന്നതിന് 400 ലക്ഷം രൂപയുടെ പദ്ധതിയും അംഗീകരിച്ചിട്ടുണ്ട്.

(8) സംസ്ഥാനത്തെ 10 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഘട്ടംഘട്ടമായി മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഇതിന്റെ ഭാഗമായി വലിയതുറ, അഴീക്കൽ, ബേപ്പൂർ, താനൂർ എന്നീ സ്കൂളുകളുടെ വികസനത്തിനായി 24.71 കോടി രൂപയുടെ വികസന പദ്ധതികൾ പുരോഗമിച്ചുവരുന്നു.

(9) തീരക്കടലിലെ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമപാരുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 2019-20 ൽ 200 ലക്ഷം രൂപയുടെ പദ്ധതിയും വിഴിഞ്ഞം പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 375.63 ലക്ഷം രൂപയുടെ മറ്റൊരു പദ്ധതിയും തിരുവനന്തപുരം ജില്ലയിൽ വിവിധ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(10) മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നുള്ള പെൺകുട്ടികൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനകം 2000 കുട്ടികൾക്ക് സൈക്കിൾ നൽകിക്കഴിഞ്ഞു. ഇതോടൊപ്പം തന്നെ പുതിയതായി 2000 സൈക്കിളുകൾ കേന്ദ്ര ഗവൺമെന്റ് അംഗീകൃത സ്ഥാപനമായ എൽ.എൻ.ജി. പെട്രോനെറ്റ് - ന്റെ സഹായത്തോടെ വിതരണം ചെയ്തു വരുന്നു.

(11) തീരദേശത്തെ ആരോഗ്യ അടിസ്ഥാനസൗകര്യ വികസനം, വിദ്യാഭ്യാസാടിസ്ഥാന സൗകര്യ വികസനം, സാമൂഹിക മത്സ്യബന്ധന അടിസ്ഥാന സൗകര്യ വികസന പദ്ധതികളും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടത്തിവരുന്നു.

(12) കടലിനെ പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുന്നതിന് സംസ്ഥാനത്തെ ഫിഷിംഗ് ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷന്റെയും വിവിധ വകുപ്പുകളുടെയും സർക്കാർ ഏജൻസികളുടെയും സഹകരണത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് 'ശുചിത്വ സാഗരം'. കൊല്ലത്ത് നീണ്ടകര മത്സ്യബന്ധന തുറമുഖത്താണ് ഈ പദ്ധതി ആദ്യമായി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനകം 52000

കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചിട്ടുണ്ട്. ഇതിന്റെ നോഡൽ ഏജൻസി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആണ്.

(13) സംസ്ഥാനത്തെ മത്സ്യ വിത്തുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ അധീധനതയിലുള്ള ഫിഷ് ഫാമുകൾ, ഹാച്ചറികൾ എന്നിവ വളരെ കാര്യക്ഷമമായി പുനരുദ്ധരിച്ച് വരുന്നു. തീരദേശ് വികസന കോർപ്പറേഷൻ മുഖേന മുഖ്യ ഫാമുകൾ/ഹാച്ചറികളായ ഓടയം, നെയ്യാർ, ആയിരംതെങ്ങ്, പന്നിവേലിച്ചിറ, ഇടകൊച്ചി, പൊയ്യ, ഇരഞ്ഞോളി എന്നിവയുടെ പുനരുദ്ധാരണം ഏറ്റെടുത്ത് നപ്പിലാക്കി വരുന്നു.

## ബി. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന സാമൂഹിക സുരക്ഷാ പദ്ധതികൾ

1. ഇൻഷുറൻസ് പദ്ധതി

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷുറൻസ് കമ്പനികളുമായി സഹകരിച്ച് മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

2018-19 വർഷത്തിൽ മത്സ്യഫെഡ് നടപ്പിലാക്കിയ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി പരിരക്ഷ 5 ലക്ഷം രൂപയിൽ നിന്ന് ഉയർത്തി 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ഇൻഷുറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപയും (ആകെ പത്ത് ലക്ഷം രൂപ), മരണാനന്തര ചടങ്ങുകൾക്കായി 2500/- രൂപയും (ആകെ രണ്ടായിരത്തി അഞ്ഞൂറു രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10000/-രൂപ (ആകെ പതിനായിരം രൂപ) (ഒരാളിന് അയ്യായിരം രൂപവീതം ) വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

2. എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി

3. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടു കൂടിയുള്ള പദ്ധതികൾ.

    i. ടേം വായ്പകൾ

    ii. മൈക്രോഫിനാൻസ് വായ്പ

4. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം.
5. വലകൾക്കുള്ള സബ്സിഡി പദ്ധതി
6. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി
7. നാടൻ വള്ളങ്ങളുടെ നവീകരണം
8. മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി
9. മത്സ്യത്തൊഴിലാളികൾക്ക് ഉത് പാദന ബോണസ്
10. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി:

മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10,000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് യഥാക്രമം 20,000/- രൂപ വീതം മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യകച്ചവടത്തിനു നൽകുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാകുന്നു. വായ്പയുടെ പലിശ തുക, പദ്ധതി നടത്തിപ്പിനാവശ്യമായ തുക എന്നിവ സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ച് പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## സി. സാഫ് നടപ്പിലാക്കുന്ന സാമൂഹിക സുരക്ഷാ പദ്ധതി

മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണ ത്തിനും വേണ്ടി ഫിഷറീസ് വകുപ്പിന് കീഴിൽ രൂപീകരിച്ച ഏജൻസിയാണ് സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവിമൻ (സാഫ്). സാഫിന്റെ പദ്ധതികൾക്കായി 2018-19 വർഷത്തിൽ 17.60 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2018-19 വർഷത്തിൽ സംസ്ഥാനത്തെ 1000 മത്സ്യത്തൊഴിലാളി വനിതകൾക്ക് സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ സാഫ് ധനസഹായം നൽകുന്നു. ഇതിനായി 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2 മുതൽ 4 പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി 3,00,000/- രൂപ വരെ (75,000/- രൂപ / മത്സ്യത്തൊഴിലാളി വനിത) തിരിച്ചടയ്ക്കാത്ത ഗ്രാന്റായി നൽകുന്നു. കൂടാതെ സാഫ് മുഖേന തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി സംരംഭങ്ങൾ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ പരിശീലന പരിപാടികൾ (അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, സ്കിൽ ട്രെയിനിംഗ്, ബുക്ക് കീപ്പിംഗ് & അക്കൗണ്ടിംഗ് ട്രെയിനിംഗ്), സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിന് പലിശരഹിത വായ്പാപദ്ധതി, ഉചിതമായ പ്രവർത്തനത്തിലേക്ക് മാറുന്നതിനുള്ള ധനസഹായം സൗജന്യ മെഡിക്കൽ ക്യാമ്പ്, സാങ്കേതിക വിദ്യാനവീകരണം തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനായി തീരമൈത്രി സംരംഭ ങ്ങളിലെ 145 ഗ്രൂപ്പുകളിൽ ഉൽപ്പാദിപ്പിക്കുന്ന 6 ഇനം ഉണക്കമത്സ്യങ്ങൾ തീരമൈത്രി ബ്രാന്റിൽ ലഭ്യമാക്കുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്കായി 7.15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷത്തിൽ 3-R Package For Ensuring Sustainable livelihoods of Fisherwomen in Kerala (Rebuilding, Revival, Reforms) എന്ന പദ്ധതി പ്രകാരം കൊല്ലം, ആലപ്പുഴ ജില്ലകളിലായി 200 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചുകൊണ്ട് മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കുന്നതിനായി ഉദ്ദേശിച്ചിട്ടുണ്ട്. 1000 മത്സ്യത്തൊഴിലാളി വനിതകളുടെ 200 JLG's ഗ്രൂപ്പുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം പുരോഗമിച്ച് വരുന്നു. അഷ്ടമുടി Phase II പദ്ധതി പ്രകാരം 48 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 12 തയ്യൽ യൂണിറ്റുകൾ "consortium" മാതൃകയിൽ കൊല്ലത്ത് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2018-19 വർഷത്തിൽ അഷ്ടമുടി Phase II പദ്ധതിയ്ക്കായി 120 ലക്ഷം രൂപയും 3-R Pilot പദ്ധതിയ്ക്കായി 178 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. മൂല്യ വർദ്ധിത ഉൽപ്പനസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി CIFT മായി ചേർന്ന് 20 Hygenic

Refrigerated Mobile Fish Vending Kiosk മത്സ്യത്തൊഴിലാളി വനിതകൾക്ക് നൽകുന്ന പദ്ധതി നിലവിൽ നടപ്പിലാക്കുന്നു. ടി പദ്ധതിയ്ക്കായി 16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ഡി. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന വിവിധ സാമൂഹിക സുരക്ഷാ പദ്ധതികൾ.**

1. മത്സ്യത്തൊഴിലാളി പെൻഷൻ

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 46298 മത്സ്യത്തൊഴിലാളി പെൻഷണർമാർ 9070 വിധവ പെൻഷണർമർ, 7330 അനുബന്ധത്തൊഴിലാളി പെൻഷണർമാർ എന്നിങ്ങനെ ആകെ 62803 പെൻഷണർമാർക്ക് 2019 സെപ്റ്റംബർ മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ക്ഷേമനിധി ബോർഡ് വഴി അനുവദിക്കുന്ന പെൻഷൻ 2019 ഏപ്രിൽ മാസം മുതൽ 1200/- രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

2. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികൾക്കും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ്

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,42,478 മത്സ്യത്തൊഴിലാളികൾക്കും, 85543 അനുബന്ധത്തൊഴിലാളികൾക്കും ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് കവറേജ് 17/12/2019 മുതൽ 16/12/2020 വരെ ലഭ്യമാക്കിയിട്ടുണ്ട്. ഇത് പ്രകാരം മത്സ്യബന്ധനത്തിനിടയിൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ചുവടെ പറയും പ്രകാരം ധനസഹായം ലഭിക്കുന്നുണ്ട്.

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5,00,000/- രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യഭ്യാസ സഹായം | 5000/-രൂപ പ്രകാരം പരമാവധി 10,000/- രൂപ |
| അപകടംമൂലം 24 മണിക്കൂറിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/- (പരമാവധി) |

3. സംയോജിത PMJJBY/PMSBY/AABY

മത്സ്യത്തൊഴിലാളികൾക്കായി എൽ.ഐ.സി മുഖേന എ.എ.ബി.വൈ എന്ന പദ്ധതി (ആം ആദ്മി ബീമയോജന) കേന്ദ്രപദ്ധതികളായ PMJJBY, PMSBY എന്നീ പദ്ധതികളുമായി സംയോജിപ്പിച്ച് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ വിശദാംശം താഴെ രേഖപ്പെടുത്തുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | ധനസഹായത്തുക (രൂപ) |
|---|---|---|
| 1 | അപകടം മൂലമുണ്ടാകുന്ന മരണത്തിന് | 4,00,000/- |
| 2 | അപകടം മൂലമുണ്ടാകുന്ന സ്ഥിരവും പൂർണ്ണവുമായ അവശതയ്ക്ക് | 2,00,000/- |
| 3 | അപകടം മൂലമുണ്ടാകുന്ന സ്ഥിരവും ഭാഗികവുമായ അവശതയ്ക്ക് | 1,00,000/- |
| 4 | സാധാരണ മരണത്തിന് | 2,00,000/- |
| 5 | 9,10,11,12 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് (പരമാവധി രണ്ട് പേർക്ക് പ്രതി വർഷം) സ്കോളർഷിപ്പ് | 1200/- |

പ്രസ്തുത പദ്ധതി പ്രകാരം 50 വയസ്സ വരെ പ്രായമുള്ള മത്സ്യത്തൊഴിലാളികൾ മരണപ്പെട്ടാൽ പി.എം.ജെ.ജെ.ബി.വൈ പദ്ധതി പ്രകാരം 2 ലക്ഷം രൂപയും, അപകടംമൂലം മരണപ്പെട്ടാൽ പി.എം.എസ്.ബി.വൈ പദ്ധതി പ്രകാരമുള്ള 2 ലക്ഷം രൂപയും കൂടി മൊത്തം 4 ലക്ഷം രൂപ ലഭിക്കുന്നു. 51 വയസ്സ മുതൽ 59 വയസ്സ് വരെയുള്ളവർ അപകടം മൂലം മരണപ്പെട്ടാൽ പി.എം.എസ്.ബി.വൈ പദ്ധതി പ്രകാരമുള്ള 2 ലക്ഷം രൂപയും, എ.എ.ബി.വൈ പദ്ധതി പ്രകാരമുള്ള 75,000/- രൂപയും കൂടി മൊത്തം 2.75 ലക്ഷം രൂപ ധനസഹായം ലഭിക്കും.

51 വയസ് മുതൽ 59 വയസ് വരെയുള്ള മത്സ്യത്തൊഴിലാളികൾക്ക് സ്വാഭാവിക മരണം സംഭവിച്ചാൽ എ.എ.ബി.വൈ പദ്ധതി പ്രകാരമുള്ള 30,000/- രൂപയും ധനസഹായമായി ലഭിക്കുന്നതാണ്.

4. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം

മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരിക്കുകയും, ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കാൻ അർഹതയില്ലാതാകുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ആശ്രിതർക്ക് നൽകുന്ന സാമ്പത്തിക സഹായം 50,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

5. വിവാഹ ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 10,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

6. മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി.

മത്സ്യത്തൊഴിലാളികളുടെ ആശ്രിതർ മരണമടയുമ്പോൾ ശവസംസ്കാരം തുടങ്ങിയ ചിലവുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം നൽകുന്ന സാമ്പത്തിക സഹായം 600/- രൂപയാണ്. മത്സ്യത്തൊഴിലാളികളുടെ അച്ഛൻ, അമ്മ,

ഭാര്യ/ഭർത്താവ്, മൈനർമാരായ ആൺമക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിവരുടെ മരണം സംഭവിക്കുമ്പോഴാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നത്.

7. മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കു ധന സഹായ പദ്ധതി

മത്സ്യത്തൊഴിലാളികൾ ഏതു സാഹചര്യത്തിൽ മരിച്ചാലും ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം 15,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

8. കുടുംബ സംവിധാന പദ്ധതി

വന്ധ്യംകരണ ശസ്ത്രക്രിയക്ക് വിധേയരാകുന്ന മത്സ്യത്തൊഴിലാളി സ്ത്രീകൾക്കും പുരുഷൻമാർക്കും സാമ്പത്തിക സഹായം നൽകികൊണ്ട് കുടുംബ സംവിധാനത്തിന് പ്രോത്സാഹനം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. ശസ്ത്രക്രിയയോടനുബന്ധിച്ചുള്ള ശുശ്രൂഷാ ചിലവുകൾക്കായി 500 രൂപയാണ് ധനസഹായമായി നൽകുന്നത്.

9. മാരകരോഗ ചികിൽസാ പദ്ധതി

മാരകരോഗങ്ങൾ പിടിപ്പെട്ട് കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് വിദഗ്ദ ചികിൽസയ്ക്കുവേണ്ട ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.
പദ്ധതിയിൽപ്പെടുന്ന രോഗങ്ങളും ധനസഹായവും:-

| | | |
|---|---|---|
| 1. ഹൃദ്രോഗം | പരമാവധി | 50,000/- രൂപ |
| 2. വൃക്കരോഗം | പരമാവധി | 50,000/- രൂപ |
| 3. ക്യാൻസർ | പരമാവധി | 50,000/- രൂപ |
| 4. തലച്ചോറിലെ ട്യൂമർ | പരമാവധി | 50,000/- രൂപ |
| 5. തളർവാതം | പരമാവധി | 12,000/- രൂപ |
| 6. ചികിൽസിച്ചു ഭേദമാക്കാൻ പറ്റുന്ന മാനസിക രോഗം | പരമാവധി | 5,000/- രൂപ |

7. ചെയർമാൻസ് റിലീഫ് ഫണ്ട്

അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങൾമൂലവും പ്രകൃതി ക്ഷോഭങ്ങൾ മൂലം ദുരിതമനുഭവിക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്. അപകടം മൂലം ഗുരുതരമായ പരുക്കുപറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുക. അപകടം മൂലം മത്സ്യത്തൊഴിലാളി മരണമടയുകയും, കുടുംബാംഗങ്ങൾക്ക് നിത്യവൃത്തിക്ക് മാർഗ്ഗമില്ലാതാവുകയും ചെയ്യുക, അപകടം മൂലമുള്ളരക്ഷാ പ്രവർത്തനങ്ങളിലേർപ്പെട്ട് പരിക്കു പറ്റുക, വെള്ളപ്പൊക്കം, തീപിടുത്തം മുതലായവ നിമിത്തം വീടിനും, വീട്ടുപകരണങ്ങൾക്കും, നാശനഷ്ടങ്ങൾ സംഭവിക്കുക, അഭയാർത്ഥി ക്യാംപുകളിൽ

പ്രവേശിപ്പിക്കപ്പെടുക, പാമ്പ്, പേ നായ എന്നിവ കടിച്ചതു മൂലവും തീപ്പൊള്ളലേറ്റും, ഇലക്ട്രിക് ഷോക്കേറ്റും അടിയന്തിര ചികിൽസ വേണ്ടിവരിക, മത്സ്യബന്ധന വേളയിൽ കാണാതാകുന്നവരുടെ കുടുംബത്തിന് ദുരിതമുണ്ടാവുക തുടങ്ങി അവസരങ്ങളിൽ സാഹചര്യത്തിന്റെ ഗൗരവമനുസരിച്ച് 500 രൂപ മുതൽ 5000 രൂപ വരെ ധനസഹായം അനുവദിക്കുന്നു.

8. ബോർഡിന്റെ പ്രത്യേക ധനസഹായം

ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ നിശ്ചിത തുക ധനസഹായമായി ബോർഡിൽ നിന്നും അനുവദിക്കുന്നു.

9. പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ ക്ഷേമം ലക്ഷ്യമാക്കിയിട്ടുള്ള പദ്ധതിയാണിത്. ക്ഷേമനിധിയിൽ കുടിശ്ശിക ഇല്ലാതെ വിഹിതം അടച്ചുതീർത്തിട്ടുള്ള പ്രവർത്തനമുഖ മത്സ്യത്തൊഴിലാളി വനിതകൾക്കും മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്കും പ്രസവ ശുശ്രൂഷാ ധനസഹായമായി, 750 രൂപ വീതം നൽകി വരുന്നു.

10. ഉന്നത വിദ്യാഭ്യാസ പ്രോൽസാഹന പദ്ധതി

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് പ്രോൽസാഹനം നൽകുന്നതിനായി ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി ഹയർ സെക്കന്ററി (+2), വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ഈ പദ്ധതി പ്രകാരമുള്ള പ്രോൽസാഹന ധനസഹായം നൽകി വരുന്നു.

11. ബോധവൽക്കരണ പരിപാടി

മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി സംസ്ഥാന ഫിഷറീസ് വകുപ്പും, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് മത്സ്യത്തൊഴിലാളികളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയാണിത്.

12. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി:

അപകടം മൂലം ചുരുങ്ങിയത് ഏഴ് ദിവസത്തേക്കെങ്കിലും ചികിൽസാർത്ഥം തൊഴിൽ ചെയ്യാൻ കഴിയാതെ വന്നാൽ ഈ പദ്ധതി പ്രകാരം പരമാവധി 500/- രൂപ ധനസഹായം ലഭിക്കും.

**സെക്ഷൻ ഓഫീസർ**